# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8 /549/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസി.ഡവലപ്മെന്റ് കമ്മീഷണർ ജനറൽ,കോഴിക്കോട്,
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8 /549/2022 തീയ്യതി: 26/03/2022

## കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2020 മുതൽ 18-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ ടി.സി | ജോയിന്റ് ഡയരക്ടർ | 19-03-2022 | 25-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-03-2022 | 25-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ജയകുമാർ പാലോളി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
രാജീവൻ എൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ സി.എം,ഓഡിറ്റർ,
ശ്രീജിത് കെ.വി,ഓഡിറ്റർ,

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.സി.എച്ച് ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ലിസി സി.എ | സെക്രട്ടറി | 01-04-2019 | 01-08-2019 |
| ശ്രീ.അഫ്സൽ പി.എൻ | സെക്രട്ടറി | 02-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ദു കെ.എസ് | എ.ഡി.എ | 01-04-2019 | 06-04-2019 |
| ശ്രീ.ഇബ്രായി കെ.എൻ | എ.ഡി.എ(ഇൻചാർജ്) | 07-04-2019 | 17-05-2019 |
| ശ്രീമതി രേണു കെ.പി | എ.ഡി.എ | 18-05-2019 | 31-03-2020 |
| ശ്രീമതി മിനി കെ.സി | സിഡിപിഒ | 01-04-2019 | 18-07-2019 |
| ശ്രീമതി ഡാനിയ ടി.എൻ | സിഡിപിഒ | 19-07-2019 | 18-12-2019 |
| ശ്രീമതി വസന്ത പി.എം | സിഡിപിഒ | 19-12-2019 | 31-03-2020 |
| ശ്രീ അഷ്റർ ടി | ഐ.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീ.ദിനേശ് എം.ജി | ജി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.ദിലീപ്കുമാർ | എ.ഇ.ഇ | 01-04-2019 | 31-03-2020 |
| ശ്രീമതി സനിഷ പി | എ.ഇ | 01-04-2019 | 29-07-2019 |
| ശ്രീ അബ്ദുൾഗഫൂർ | എ.ഇ | 30-07-2019 | 31-03-2020 |
| ഡോ.ജമീല എം | മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ നാദാപുരം | 01-04-2019 | 31-03-2020 |
| ഡോ.ശശീന്ദ്രൻ പി.കെ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി വളയം | 01-04-2019 | 31-03-2020 |
| ഡോ.സജീവ് ടി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 16-09-2019 |
| ഡോ.ബീന കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 17-09-2019 | 19-09-2019 |
| ഡോ.ഡോളി അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 20-09-2019 | 30-01-2020 |
| ഡോ.ശ്രീലേഖ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 31-01-2020 | 31-03-2020 |
| ശ്രീമതി അനുപമസുഗതൻ | ക്ഷീരവികസനഓഫീസർ | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-4 |
| 6 | പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ്- അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-5 |
| 7 | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം, എന്നിവ ഈടാക്കിയതിൽ കുറവ്.<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-6 |
| 8 | എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച ടെണ്ടറുകൾ അംഗീകരിച്ച് നൽകി.<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-7 |
| 9 | പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക നൽകുന്നതിൽ കാലതാമസം<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-8 |
| 10 | എം.ആർ.എഫ് കേന്ദ്രം അടിസ്ഥാന സൗകര്യമൊരുക്കൽ- പദ്ധതി നടപ്പാക്കിയില്ല.<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-9 |
| 11 | യുവജനങ്ങൾക്ക് സ്വയം തൊഴിലിന് ഓട്ടോടാക്സി/പിക്ക് അപ്പ് വാഹനം നൽകൽ - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-10 |
| 12 | വട്ടച്ചോല മാവുള്ളചാൽ- ഒയ്യാല റോഡ്- പദ്ധതി നിർവ്വഹണത്തിലെ അപാകത<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-11 |
| 13 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി -വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-12 |
| 14 | റിവോൾവിംഗ് ഫണ്ട്- മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-13 |
| 15 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് - രേഖകൾ പരിശോധനയ്ക്ക് | 1-14 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | |
| 16 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-15 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകതകൾ

16.2.19ലെ തീരുമാനം 1പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ 2019-20വർഷത്തെ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ 57346876/-രൂപയാണ്.ആകെ ചെലവ് 53558250/-രൂപയും നീക്കിയിരിപ്പ് 3788626/-രൂപയുമാണ്. മുന്നിരിപ്പ് ഉൾപ്പടെ കൃത്യതയോടെ വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യുന്നതിൽ സ്ഥാപനം ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെങ്കിലും ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ) വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 49008750/-രൂപയാണ്. എന്നാൽ 15.12.18ന് ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം സ്ഥാപനത്തിന്റെ പദ്ധതി അടങ്കൽ 48978750/-രൂപയുടേത് മാത്രമായിരുന്നു. ബജറ്റിൽ വകയിരുത്തിയ അവശേഷിക്കുന്ന 30000/- രൂപ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കപ്പെട്ടില്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ പദ്ധതിക്കായുള്ള വകയിരുത്തൽ 61129134/- രൂപയായെങ്കിലും അന്തിമ ചെലവ് പത്രിക പ്രകാരം പദ്ധതി വകയിരുത്തൽ 67559920/-രൂപയായി മാറിയിട്ടുണ്ട്. വർഷാവസാനത്തിൽ 6430786/- രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നല്കിയത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് ഇത് വ്യക്തമാക്കുന്നു.

ബി)സർക്കാർ ഗ്രാന്റുകൾ-അലോട്ട്മെന്റിനേക്കാൾ കുറഞ്ഞ തുക ബജറ്റിലും വാർഷിക പദ്ധതിയിലും ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുകയാണ് സ്ഥാപനത്തിന്റെ ബജറ്റിലും വാർഷിക പദ്ധതിയിലും ഉൾക്കൊള്ളിച്ചത് . എല്ലാ ഗ്രാന്റിനങ്ങളിലുമായി ആകെ 47975000/-രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും ബജറ്റിൽ 44947000/-രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, ഗ്രാന്റ് വരുമാനത്തിൽ 30.28ലക്ഷം രൂപ കുറവായി വകയിരുത്തിയത് എന്ത് അടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. ബജറ്റിൽ വകയിരുത്തിയ വരുമാനത്തിന് അനുസൃതമായി തന്നെയാണ് വാർഷിക പദ്ധതിയിൽ ഗ്രാന്റ് വകയിരുത്തിയിരിക്കുന്നത്.

സി) തനത് ഫണ്ട്- പുതുക്കിയ ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി അടങ്കലും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 110000/-രൂപ കണ്ടെത്തുകയും അത്രയും തുക വാർഷിക പദ്ധതിയിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് പ്രൊവിഷൻ 14.81ലക്ഷമായി ഉയർന്നെങ്കിലും 8.37ലക്ഷം രൂപ മാത്രമാണ് അന്തിമ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ബജറ്റിൽ പ്രൊവിഷൻ നല്കിയ 6.44ലക്ഷം രൂപ എപ്രകാരം വിനിയോഗിക്കുമെന്ന് ഇതുകൊണ്ട് തന്നെ വ്യക്തമല്ല.

ഡി) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജിപ ഒ ആർ ടി 3291/2016 എൽ എസ് ജി ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ്

വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു.

ഇ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്,വർക്ക് ഷീറ്റുകൾ,ജന്റർ ബജറ്റ്,പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്നു കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരിശോധനയ്ക്ക് നല്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 24.11.2020 | | |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ളുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Loans&Advances എന്നീ ഇനങ്ങളിൽ 11378195/-രൂപ അവശേിക്കുന്നുണ്ട്.ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
2. മുഴുവൻ അക്കൌണ്ടുകളുടെയും പ്രതിമാസ റീകൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിലുള്ള നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. റെസീറ്റ് & പേയ്മെന്റ് -R.P-4 ഇനത്തിൽ Other Fees ഇനത്തിൽ 68360/-രൂപയും R.P-5 പ്രകാരം Auction Of Obsolete Assets ഇനത്തിൽ 132000/-രൂപയും വരവുണ്ട്.ഇത് സംബന്ധിച്ച രജിസ്റ്റർ,അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
6. ലോൺ രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ലോൺ അടവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് ഇനത്തിൽ 753811/- രൂപ നീക്കിയിരിപ്പുണ്ട്.ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
8. BPFA-1 എക്കൌണ്ട് ക്ലോസ് ചെയ്തിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ 125000/-രൂപ നീക്കിയിരിപ്പായി കാണിക്കുന്നുണ്ട്.
9. Canara Bank(I.W.M.P) എക്കൌണ്ട് (നം-826) ദീർഘകാലമായി ഇടപാടുകൾ നടക്കാത്താണ്. വാർഷികകണക്ക് പ്രകാരം 170267/-രൂപ നീക്കിയിരിപ്പുണ്ട്.ഉപയോഗിക്കാതെ അവശേഷിക്കുന്ന

തുക തിരികെ അടവാക്കി എക്കൌണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

10. കേരള ഗ്രാമീൺ ബാങ്കിന്റെ തുണേരി ശാഖയിലെ നാദം എക്കൌണ്ടിൽ (എക്കൌണ്ട് നം-401341001128) 1422780/- രൂപ നീക്കിയിരിപ്പുണ്ട്.31.03.2012 ന് ശേഷം എക്കൌണ്ടിൽ ഇടപാടുകൾ നടന്നിട്ടില്ല.
11. റെസീറ്റ് & പേയ്മെന്റ് -R.P-10 ഇനത്തിൽ Miscellaneous Receipts ഇനത്തിൽ 465382/-രൂപ വരവുണ്ട്.ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.
12. വാർഷിക കണക്ക് പ്രകാരം Treasury Special TSB Joint Venture Account ൽ 2091839/- രൂപ നീക്കിയിരിപ്പുണ്ട്.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ഈയിനത്തിലുള്ള നീക്കിയിരിപ്പ് തുക 2686966/- രൂപയാണ്.
13. അടിസ്ഥാന അനുപാതങ്ങൾ,റേഷ്യോസ്,പ്രധാനപ്പെട്ട എക്കൌണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20808696.5 |
| വരവ് | 39543320.0 |
| ആകെ | 60352016.5 |
| ചെലവ് | 45716106.0 |
| നീക്കിയിരിപ്പ് | 14635910.5 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 39080000 | 39080000 | 26651380 | 12428620 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2288000 | 2288000 | 1652000 | 636000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1493000 | 1493000 | 985455 | 507545 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5114000 | 5114000 | 2432597 | 2681403 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 0 | 4493000 | 4493000 | 3744000 | 749000 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
2. I.K.M. ഗ്രാന്റ് സ്റ്റേമെന്റ് പ്രകാരം C.S.S., ഇനത്തിലും,S.S.S. ഇനത്തിലും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S. ഇനത്തിൽ ഐ.എ.വൈ ഇനത്തിൽ 202130/- രൂപ വരവ് വന്നിട്ടുണ്ട്.ഈ ഇനങ്ങളിലുള്ള അലോക്കേഷൻ തുകകൾ സുലേഖ സ്റ്റേമെന്റിലുള്ളതും ഗ്രാന്റ് സ്റ്റേമെന്റിലും തമ്മിൽ പോരുത്തപ്പെടുന്നില്ല.

1-5 പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ്- അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 103 | 67559920 | 64 | 31721432 | 39 |

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ പ്രൊജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും , അവയുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) പ്രൊജക്ടുകൾ മിക്കതും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക്

വിവിധ മേഖലകളിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത് നിർവ്വഹിച്ച പദ്ധതികൾ മിക്കതും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സ്ഥാപനത്തിന്റെ മേഖലാപരമായ ചുമതലകളിൽ പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട വ്യതിയാനങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | മേഖല | നിർവ്വഹണോദ്യോഗസ്ഥൻ | ആസൂത്രണം നടത്തിയ പ്രൊജക്ടുകൾ | മേഖലയിലെ ചുമതലകൾ (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1) , പട്ടിക 4 പ്രകാരമുള്ളത്) | ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള വ്യതിയാനം |
|---|---|---|---|---|---|
| 1 | കാർഷികം | കൃഷി അസി.ഡയറക്ടർ | (1)പ്രൊ നം 47- നെൽകൃഷി കൂലിച്ചെലവ് സബ്സിഡി 19-20<br>(2)പ്രൊ നം 52- പച്ചക്കറി കൃഷിക്ക് | എ) ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതി കൾക്കായി കൃഷിക്കാരെ പരിശീലി പ്പിക്കുക<br>ബി)ഗ്രാമീണ | ഉത്തരവാദിത്വങ്ങൾ ഒന്നും തന്നെ നിറവേറ്റപ്പെട്ടില്ല. പകരം നിയമപ്രകാരമുള്ള മേഖലാപരമായ |

| | | | | | |
|---|---|---|---|---|---|
| | | | കൂലിച്ചെലവ് സബ്സിഡി (ബ്ലോക്ക് വിഹിതം നല്കൽ)<br>(3)പ്രൊ നം 71-തരിശ് ഭൂമിയിൽ കൃഷി വനിതകൾക്ക്<br>(4)പ്രൊ നം 112-കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ<br>(5)പ്രൊ നം 129-തരിശുഭൂമിയിൽ ഇടവിള കൃഷി | തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക<br>സി)കാർഷിക പ്രദർശനങ്ങൾ നടത്തുക<br>ഡി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തി നള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക<br>ഇ) കാർഷിക വായ്പ സ്വരൂപിക്കുക<br>എഫ്) പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക | ഉത്തരവാദിത്വത്തിന് പുറത്തുള്ള കൂലിച്ചെലവ് നല്കി |
| 2സം | മൃഗ സംരക്ഷണവും ക്ഷീരോത് പാദനവും | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1)പ്രൊ നം 35-ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1)വെറ്റിനററി പോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക<br>2)മൃഗസംരക്ഷണത്തിൽ വിദഗ്ദസേവനം നല്കുക<br>3) കന്നുകാലി കോഴി പ്രദർശനങ്ങൾ നടത്തുക | ഉത്തരവാദപ്പെട്ട മേഖലകളിൽ ഇടപെടൽ ഇല്ല. പ്രൊജക്ട് നിയമപ്രകാരമുള്ള മേഖലാപരമായ ഉത്തരവാദിത്വത്തിന് പുറത്തുള്ളത് |
| 3 | ചെറുകിട ജലസേചനം | കൃഷി അസി.ഡയറക്ടർ | പ്രൊജക്ടുകളില്ല. എന്നാൽ പ്രൊജക്ട് 102 പ്രകാരം പുറമേരി | ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് | പ്രശ്നങ്ങൾ പരിശോധിക്കുകയോ പരിഹരിക്കുകയോ |

| | | | | | |
|---|---|---|---|---|---|
| | | | പഞ്ചായത്തിലെ പൊയിൽക്കാവ് ഹരിത വയൽ ജലാശയം സംരക്ഷണം എന്ന പദ്ധതിക്കായി 8.7ലക്ഷം രൂപ എ എക്സ് ഇ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിവിധ പഞ്ചായത്തു കളിലായി മൂന്ന് തടയണകളുടെ നിർമ്മാണത്തിന് പ്രൊജക്ടുകളുണ്ട്. | ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക | ചെയ്തിട്ടില്ല. |
| 4 | മത്സ്യബന്ധനം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | പ്രൊജക്ടുകളില്ല | പരമ്പരാഗത കടവുകളുടെ വികസനം | പ്രശ്നങ്ങൾ പരിശോധിക്കുകയോ പരിഹരിക്കുകയോ ചെയ്തിട്ടില്ല |
| 5 | ചെറുകിട വ്യവസായം | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | (1)പ്രൊ നം 9 സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം(വനിത)<br>പ്രൊ നം 11-SC യുവജനങ്ങൾക്ക് ഓട്ടോ<br>(3)പ്രൊ നം 12-വനിതാ സംരംഭകത്വ പ്രോത്സാഹനം പലിശ സബ്സിഡി നൽകൽ<br>(4)പ്രൊ നം 111-യുവജനങ്ങൾക്ക് ടാക്സി/പിക് അപ് വാഹനം നല്കൽ (സ്വയം തൊഴിൽ) | 1)മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക<br>2)വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക<br>3)SSIയുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക | മേഖലാപരമായ ഉത്തരവാദിത്വങ്ങൾ ഭാഗികമായി പരിഗണിച്ചു |
| 6 | ഭവന നിർമ്മാണം | സെക്രട്ടറി | ഭവനനിർമ്മാണത്തിനായി | 1) ചെലവ് കുറഞ്ഞ ഭവനനിർമ്മാണം | ക്രമനം 2 പ്രകാരമുള്ള |

| | | | | | |
|---|---|---|---|---|---|
| | | | (സ്ഥലം വാങ്ങൽ ഉൾപ്പടെ) 4 പദ്ധതികൾക്ക് അംഗീകാരം വാങ്ങി | പ്രോത്സാ ഹിപ്പിക്കുക 2) ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാ ഹിപ്പിക്കുക | ഉത്തരവാദിത്വം നിറവേറ്റപ്പെട്ടില്ല |
| 7 | വിദ്യുച്ഛക്തിയും ഊർജ്ജവും | അസി.എക്സി. എഞ്ചിനീയർ | പ്രൊജക്ടുകളില്ല. | 1)പാരമ്പര്യേതര ഊർജ്ജ്യ സ്രോതസ്സുകൾ വികസിപ്പിക്കുക | പാരമ്പ്യേതര ഊർജ്ജ്യ സ്രോതസ്സുകൾ വികസിപ്പിക്കുക യെന്നത് കേന്ദ്ര , സംസ്ഥാന സർക്കാരുകളുടെ ഊർജ്ജ നയമായിട്ടും യാതൊരു പ്രാധാന്യവും നല്കിയില്ല |
| 8 | വിദ്യഭ്യാസം | സെക്രട്ടറി | പ്രൊജക്ടുകളില്ല. | സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് | സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമില്ല |
| 9 | പൊതുമരാമത്ത് | അസി.എക്സി. എഞ്ചിനീയർ/ എ ഇ | നിയമത്തിൽ പരാമർശിച്ച റോഡുകൾ നിലവിൽ സ്ഥാപനത്തിന്റെ ആസ്തിരജിസ്റ്ററിൽ ഇല്ല. എന്നാൽ വിവിധ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലും ,അതത് പഞ്ചായത്തുകളുടെ അതിർത്തി ക്കള്ളിൽ മാത്രം ഒതുങ്ങുന്നതുമായ 12 റോഡ് പ്രവൃത്തികൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കി | 1)ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തി നള്ളിലെ വില്ലേജ് റോഡുകളും സ്ഥാപനത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക 2) സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപന ങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക | ക്രമനം 1 പ്രകാരമുള്ള ഉത്തരവാദിത്വം പൂർണ്ണമായും അവഗണി ക്കപ്പെട്ടു. സ്വന്തം ആസ്തികളുടെ പുനരുദ്ധാരണ ആവശ്യകത പരിഗണി ക്കാതെ മറ്റ് സ്ഥാപന ആസ്തികളിൽ തുക വിനിയോഗിച്ചു |

| | | | | | |
|---|---|---|---|---|---|
| | | | യിട്ടുണ്ട്. | | |
| 10 | ദാരിദ്ര്യ നിർമ്മാർജ്ജനം | സെക്രട്ടറി | പ്രൊജക്റ്റുകളില്ല. | 1) ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക<br>2) പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടു കൂടിയ തൊഴിൽ നല്കുകയും ചെയ്യുക | ക്രമനം 1 പ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല<br>തൊഴിലുറപ്പ് പദ്ധതിയിലൂടെ ക്രമനം 2 പ്രകാരമുള്ളത് പരിഗണിക്കപ്പെടുന്നു |
| 11 | പട്ടികജാതി പട്ടിക വര്ഗ്ഗ വികസനം | പട്ടികജാതി വികസന ഓഫീസ ർ/ജീ ഇ ഒ | Sc വിദ്യാർത്ഥികൾക്ക് പഠനമുറി , സ്കോളർഷിപ്പ്, St വിദ്യാർത്ഥികൾക്ക് പഠനമുറി എന്നിവയ്ക്ക് 3 പ്രൊജക്റ്റുകൾ തയ്യാറാക്കി | 1)പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക<br>2) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക | സ്ഥാപന പരിധിയിൽ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ ഇല്ല. ക്രമനം 2 പ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റ പ്പെടുന്നില്ല |
| 12 | സഹകരണം | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | പ്രൊജക്റ്റുകളില്ല. | 1)ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക<br>2)സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക | പ്രവർത്തനങ്ങളില്ല |

2019-20,2020-21 വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ, കാർഷിക മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളൊന്നും

തന്നെയില്ലെന്നും ,നിയമപ്രകാരം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ കാര്യങ്ങൾക്കാണ് പ്രൊജക്ടുകൾ രൂപീകരിച്ച് തുക ചെലവഴിച്ചതെന്നും നിയപരമായി ഉത്തരവാദപ്പെട്ട കർത്തവ്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കപ്പെട്ടതിന് ശേഷമാണോ ഈ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെട്ട കാര്യങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചത് എന്ന കാര്യത്തിൽ വ്യക്തത നല്കണമെന്നും ആവശ്യപ്പെട്ട് കൃഷി അസി.ഡയറക്ടർക്ക് നല്കിയ എൻക്വയറിക്ക് മറുപടി നല്കിട്ടില്ലെന്ന കാര്യം ശ്രദ്ധേയമാണ്.

മേൽ പരാമർശിച്ച മേഖലാപരമായ ചുമതലകളല്ലാതെ പൊതുവായ ചില ചുമതലകളും നാലാം പട്ടികയിൽ പരാമർശിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1) ബ്ലോക്ക് തലത്തിൽ സർക്കാർ,സർക്കാരേതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക

2) ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതികസഹായം നല്കുക

3) ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ്നല്കുകയും ചെയ്യുക

മേല്പറഞ്ഞതിൽ ക്രമനമ്പർ 1,2 എന്നിവ സാധ്യമാകാൻ പ്രൊജക്ടുകൾ നിർബന്ധമല്ല. എന്നാൽ സാങ്കേതികത്വം പരിശീലിപ്പിക്കാൻ പ്രൊജക്ടുകൾ ആവശ്യമാണെന്നും കാണാം. കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം ,വിദ്യഭ്യാസം തുടങ്ങിയ മേഖലകളിൽ ഇത്തരത്തിലുള്ള സാങ്കേതിക വൈദഗ്ധ്യം, സാങ്കേതികസഹായം കൈമാറേണ്ടത് മേഖലകളുടെ വികാസത്തിന് അത്യന്താപേക്ഷിതമാണ് . എന്നാൽ ഇതിനാവശ്യമായ ശ്രമങ്ങളോ പ്രൊജക്ടുകളോ സ്ഥാപനം പരിഗണിച്ചിട്ടില്ല. പൊതുവായ ചുമതലകളിൽ ക്രമനം 3 പ്രകാരമുള്ള ചുമതലയിലും, സബ്സിഡി മാർഗ്ഗരേഖയിലെ സാധ്യതകളിലും ഊന്നിയാണ് വാർഷികപദ്ധതി രൂപീകരിച്ചിരിക്കുന്നതെന്ന് അംഗീകരിക്കപ്പെട്ട പ്രൊജക്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. ഇതുകൊണ്ട് തന്നെ മിക്ക മേഖലകളിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു. ഇത് ഈ മേഖലകളുടെ വികാസത്തിന് തടസ്സം നില്ക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

2) വാർഷിക പദ്ധതി ചെലവ് കുറഞ്ഞു -സർക്കാർ ഗ്രാനിറിനത്തിൽ 1. 81 കോടി രൂപ നഷ്ടപ്പെട്ടു

103പ്രൊജക്ടുകൾക്കായുള്ള 6.75 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 3.17 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. എല്ലാ സർക്കാർ ഗ്രാന്റിനങ്ങളിലും ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| പ്ലാൻ ജനറൽ | 39080000 | 26651380 | 12428620 |
| Scp | 2288000 | 1652000 | 636000 |
| Tsp | 1493000 | 985455 | 507545 |
| മെയിന്റനൻസ് റോഡിതരം | 5114000 | 2432597 | 2681403 |
| ആകെ | | | 16253568 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 16253568/- രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. എന്നാൽ മേൽപറഞ്ഞ ചെലവിൽ 1841089/-രൂപ 2018-19 വർഷത്തെ ക്യൂബിൽ തുക നൽകിയതാണ്. ഇതു കൂടി പരിഗണിക്കുമ്പോൾ യഥാർത്ഥ നഷ്ടം 18094657/- രൂപയാണെന്ന് കാണാം.

3) വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനരഹിതം

പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ മേഖലകളിൽ അടിസ്ഥാനപരവും നിർണ്ണായകവുമായ പ്രവർത്തനം നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഓഡിറ്റ് വർഷത്തിൽ നിഷ്ക്രിയമായിരുന്നെന്ന് ഗ്രൂപ്പുകളുടെ മിനിട്സുകൾ സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണത്തിന് മാത്രമായാണ് ഗ്രൂപ്പുകൾ യോഗം ചേർന്നത്. ഇതിൽ പദ്ധതി നിർദ്ദേശങ്ങൾ അക്കമിട്ട് നിരത്തിയതല്ലാതെ ചർച്ചകളൊന്നും നടത്തിക്കാണുന്നില്ല. തൻവർഷത്തെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് യോഗങ്ങളൊന്നും തന്നെ സ്ഥാപനം ചേർന്നിട്ടില്ല. ക്രമ നമ്പർ 1ആയി സൂചിപ്പിച്ച ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള വ്യതിയാനത്തിനും, ക്രമനമ്പർ 2 ആയി സൂചിപ്പിച്ച ഫണ്ട് നഷ്ടത്തിനുമുള്ള പ്രധാന കാരണങ്ങളിലൊന്ന് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രാഹിത്യമാണെന്ന് കാണാം.

4) പ്രൊജക്ടുകൾ സ്റ്റാറ്റസ് റിപ്പോർട്ടുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നവയല്ല

ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായ തരത്തിൽ പൂർണ്ണതയുള്ള അടിസ്ഥാനവിവരങ്ങൾ റിപ്പോർട്ടിൽ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കില തയ്യാറാക്കിയ, 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി' അടിസ്ഥാനപ്പെടുത്തിയാണ് വിവിധമേഖലകളിലെ സ്റ്റാററസ് റിപ്പോർട്ട് സ്ഥാപനം തയ്യാറാക്കിയിട്ടുള്ളത്. പ്രധാനമായും ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയ വിവരങ്ങളാണ് മാതൃകയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ വിവിധ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ചുമതലകളുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങളൊന്നും തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുകയോ വിശകലനം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല (ഫോറങ്ങൾ മാതൃകകൾ മാത്രമാണെന്നും യുക്തമായ രീതിയിൽ ഇത് പരിഷ്കരിക്കുകയോ ആവശ്യമെങ്കിൽ കൂടുതൽ ഫോറങ്ങൾ ഉൾച്ചേർക്കുകയോ ആകാമെന്ന് സഹായിയിൽ വ്യക്തമാക്കിയിട്ടുണ്ട്) ഇതുകൊണ്ട് തന്നെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്നതിൽ സ്ഥാപനം പരാജയപ്പെട്ടെന്ന് കാണാം

ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-6 പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം, എന്നിവ ഈടാക്കിയതിൽ കുറവ്.

തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ 2019-20 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്യുന്നതിന് അടിസ്ഥാനമാക്കേണ്ടത് ആകെ പ്രവൃത്തി മൂല്യമാണ്. എന്നാൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 12 ശതമാനം ജി.എസ്.ടി കുറവ് ചെയ്ത തുകയെ അടിസ്ഥാനമാക്കിയാണ് ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയിട്ടുള്ളത്.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിശദാംശം | ആകെ പ്രവൃത്തിമൂല്യം | ഈടാക്കേണ്ടിയിരുന്ന IT, KCWWF, | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 17/2019-20, കുയിയങ്ങാട്ട് ബീംബ്ലും കുഴി റോഡ് ടാറിംഗ്-ചെക്യാട് | 500000 (അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയത്) | 10000 | 9700 | 300 |
| 2 | 23/2019-20, കീഴോത്ത് മുക്ക് കണ്ണോത്ത് റോഡ് ടാറിംഗ്-നാദാപുരം | 498598 | 9972 | 8904 | 1068 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിലെ ഭൂരിഭാഗം ബില്ലുകളിലും ഇത്തരത്തിലാണ് ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ കണക്കാക്കിയിട്ടുള്ളത്. ഇതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് അടവാക്കേണ്ട തുകയിൽ കുറവുണ്ടായിട്ടുണ്ട്. 12 ശതമാനം ജി.എസ്.ടി കുറവ് ചെയ്തതിന് ശേഷമുള്ള തുകയെ അടിസ്ഥാനമാക്കി ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ കണക്കാക്കിയ മുഴുവൻ ബില്ലുകളും പുനപരിശോധിച്ച് കുറവ് വന്ന ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കേണ്ടതാണ്.

1-7 എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച ടെണ്ടറുകൾ അംഗീകരിച്ച് നൽകി.

തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ 2019-20 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച് നൽകിയ ടെണ്ടർ ഓഫറുകൾ അംഗീകരിച്ച്

കരാർ നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ നം, പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളുടെ ആകെ തുക (നികുതി,ലംപ്സം എന്നിവ ഒഴികെ ) | കരാറുകാരൻ ഓഫർ ചെയ്ത ഇനങ്ങളുടെ ആകെ തുക (നികുതി,ലംപ്സം എന്നിവ ഒഴികെ ) | എസ്റ്റിമേറ്റിൽ അധികരിച്ച തുക. | ബിൽ നം, തിയ്യതി |
|---|---|---|---|---|
| 17/2019-20, കുനിയങ്ങാട്ട് ബീംബും കുഴി റോഡ് ടാറിംഗ്-ചെക്യാട്. | 446110.32 | 485244.00 | 39134.00 | 23/13.03.2020 |
| 18/2019-20, അരൂകുണ്ടിൽ കുണ്ട്യാൽ റോഡ് ടാറിംഗ് - വാണിമേൽ. | 446421.62 | 468569.85 | 22148.00 | 24/13.03.2020 |

എസ്റ്റിമേറ്റിൽ അധികരിച്ച ടെണ്ടറുകൾക്ക് സാധുതയില്ലെന്നിരിക്കെ, മേൽ ടെണ്ടറുകൾ അംഗീകരിച്ച് പ്രവൃത്തി നടത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ നടപടി സ്വീകരിച്ചതും ഇനങ്ങളുടെ അടിസ്ഥാനത്തിൽ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടറുകളിലാണ് മേൽ അപാകത ഉണ്ടായിട്ടുള്ളത്. കരാർ തുക എസ്റ്റിമേറ്റിൽ അധികരിച്ചിട്ടുണ്ടോ എന്ന പ്രാഥമിക പരിശോധന നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ട്.

അപാകത 2020-21 വർഷത്തിലും ആവർത്തിച്ചതായി ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-8 പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക നൽകുന്നതിൽ കാലതാമസം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത പ്രൊജക്ട് നമ്പർ 94/2019-20 കാക്കന്നൂർ സൗത്ത് 127-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം (എടച്ചേരി) പദ്ധതി പ്രകാരം 812000 രൂപ വികസനഫണ്ടും (ജനറൽ), 400000 രൂപ എടച്ചേരി ഗ്രാമപഞ്ചായത്ത് വിഹിതവും ഉൾപ്പെടെ ആകെ 1212000 രൂപ അടങ്കൽ ചെയ്തതിൽ 288572 രൂപ വികസനഫണ്ട് (ജനറൽ) രൂപ 2019-20 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രസ്തുത പ്രവൃത്തി കരാറെടുത്തിട്ടുള്ളത്.

പദ്ധതിയുടെ എം ബുക്ക് പ്രകാരം ഫൈനൽ മെഷർമെന്റ് നടത്തിയിട്ടുള്ളത് 06.09.2019 തിയ്യതിയിലാണ്. ഫൈനൽ ബിൽ പ്രകാരം ഇതേ തിയ്യതിയിൽ 1204129 രൂപയുടെ മൂല്യമുള്ള ഇനങ്ങൾ പൂർത്തീകരിച്ചതായും എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും 06.09.2019 തിയ്യതിയിൽ തന്നെ പൂർത്തീകരിച്ചിട്ടും 288572 രൂപയുടെ പാർട്ട് ബിൽ മാത്രമാണ് പ്രസ്തുത പദ്ധതി പ്രകാരം കരാറുകാരന് അനുവദിച്ചിട്ടുള്ളത്. എടച്ചേരി ഗ്രാമപഞ്ചായത്ത് വിഹിതമായ 400000 രൂപ 14/2018-19 നമ്പറായുള്ള കാക്കന്നൂർ സൌത്ത് അങ്കണവാടിക്ക് കെട്ടിട നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകൽ എന്ന പദ്ധതി മുഖേന 2018-19 വർഷത്തിൽ തന്നെ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് 10 മസങ്ങൾക്ക് ശേഷം 2020-21 വർഷത്തെ സ്പിൽ ഓവർ പദ്ധതി മുഖേന 04.06.2020 ൽ കരാറുകാരന്

515557 രൂപ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായ 400000 രൂപ കരാറുകാരന് കൈമാറിയിട്ടില്ല.

തുക പൂർണ്ണമായി നൽകാത്തതിന്റെയും തുക നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെയും കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്ക് 21712450 രൂപ വികസനഫണ്ട് -ജനറൽ അടങ്കൽ ചെയ്തതിൽ 8467114 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. ഗ്രാമപഞ്ചായത്ത് വിഹിതം 2018-19 വർഷത്തിൽ തന്നെ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിരുന്നു. പദ്ധതിക്ക് അടങ്കൽ ചെയ്ത ഫണ്ടുകൾ സ്ഥാപനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന സാഹചര്യത്തിലും പദ്ധതി പ്രകാരമുള്ള ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിലുണ്ടായ കാലതാമസത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ്. തുക നൽകുന്നതിലുണ്ടായ കാലതാമസം മൂലം പദ്ധതി സ്പിൽ ഓവറാകാനും വികസനഫണ്ട് നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കും മേൽ കാലതാമസം ബുദ്ധിമുട്ട് സൃഷ്ടിക്കാനിടയായിട്ടുണ്ടാകാം.

അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലുകൾ നൽകുന്നതിലുണ്ടായ കാലതാമസത്തിനും പദ്ധതി സ്പിൽ ഓവറാക്കി തുക നഷ്ടപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9 എം.ആർ.എഫ് കേന്ദ്രം അടിസ്ഥാന സൗകര്യമൊരുക്കൽ- പദ്ധതി നടപ്പാക്കിയില്ല.

തൂണേരി ബ്ലോക്ക് പഞ്ചായത്തിലെ 2019-20 വർഷം ആസൂത്രണം ചെയ്ത എം.ആർ.എഫ് സെന്റർ- അടിസ്ഥാന സൗകര്യമൊരുക്കൽ പദ്ധതി പ്രകാരം 2700000 ലക്ഷം രൂപ അടങ്കൽ ചെയ്തിരുന്നു. പദ്ധതി ഫയൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ പെടുന്ന ഗ്രാമപഞ്ചായത്തുകൾ 2019-20 വർഷം ഹരിത കർമ്മ സേന മുഖേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം സംസ്കരണത്തിനായി കയറ്റി അയക്കുന്നതിന് ലക്ഷങ്ങൾ ചെലവഴിക്കുന്ന സാഹചര്യത്തിലാണ് ഖരമാലിന്യ സംസ്കരണത്തിന് സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്യപ്പെട്ട മേൽ പദ്ധതി നടപ്പിലാക്കാതെ ബ്ലോക്ക് പഞ്ചായത്ത് ഉപേക്ഷിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | പ്രൊ.നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ |
|---|---|---|---|
| എടച്ചേരി | 103/2019-20, മാലിന്യ നിർമ്മാർജ്ജനം (സീറോ വേസ്റ്റ് കോഴിക്കോട്) | വി.ഇ.ഒ | 1790300 |
| തൂണേരി | 184/2019-20, തെളിമയാർന്ന തൂണേരി ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ | വി.ഇ.ഒ | 490000 |
| വാണിമേൽ | 150, 154/2019-20, പ്ലാസ്റ്റിക് /അജൈവ മാലിന്യശേഖരണം | വി.ഇ.ഒ | 753449 |

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമപഞ്ചായത്തുകളിൽ മേൽ പട്ടികയിൽ പരാമർശിച്ച 3 ഗ്രാമപഞ്ചായത്തുകളുടെ കാര്യം പരിഗണിക്കുമ്പോൾ തന്നെ 3033749 രൂപ ഖരമാലിന്യങ്ങൾ കയറ്റി

അയച്ച് സംസ്കരിക്കുന്നതിന് വേണ്ടി അടങ്കൽ ചെയ്ത് ചെലവഴിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എം.ആർ.എഫ് കേന്ദ്രം സ്ഥാപിക്കുന്നതിനായി ആസൂത്രണം ചെയ്ത മേൽ പദ്ധതി നിർവ്വഹണം നടത്തിയിരുന്നെങ്കിൽ ഖരമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സാധ്യത ഒരുക്കപ്പെടുമായിരുന്നു.

പദ്ധതി നിർവ്വഹണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഖരമാലിന്യ സംസ്കരണ രംഗത്ത് ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള പദ്ധതികൾ തുടർ വർഷങ്ങളിലും ഏറ്റെടുക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച വിശദീകരിക്കേണ്ടതുമാണ്.

### 1-10 യുവജനങ്ങൾക്ക് സ്വയം തൊഴിലിന് ഓട്ടോടാക്സി/പിക്ക് അപ്പ് വാഹനം നൽകൽ - നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.111/2019-20

നിർവ്വഹണ ഉദ്യോഗസ്ഥൻ - വ്യവസായ വികസന ഓഫീസർ

അടങ്കൽ - 750000(വികസനഫണ്ട്)

ചെലവ് - 200000 (വികസനഫണ്ട് )

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ജനറൽ വിഭാഗത്തിൽപ്പെടുന്ന 15 യുവജനങ്ങൾക്ക് സ്ഥിര വരുമാനം കണ്ടെത്തുന്നതിന് ഓട്ടോടാക്സി/പിക്ക്അപ്പ് വാങ്ങുന്നതിന് ധനസഹായം നൽകുന്നതാണ് പദ്ധതി. ബാങ്ക് ലോൺ മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. 50000രൂപ വീതം 4 ഗുണഭോക്താക്കൾക്ക് ബാക്ക് എൻഡ് സബ്സിഡിയായി അതാത് ഗുണഭോക്താക്കൾ ലോണെടുത്ത ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. അർഹരായ അപേക്ഷകരില്ലാത്തതിനാലാണ് 4 പേർക്ക് മാത്രം ധനസഹായം നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബാക്ക് എൻഡ് സബ്സിഡി ബാങ്കിന് കൈമാറിയ ശേഷമാണ് ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിച്ചത്. എന്നാൽ ലോൺ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ, ലോൺ തുകയിൽ നിന്ന് സബ്സിഡിയായി നൽകിയ തുക കുറച്ചുള്ള തുകയ്ക്ക് മാത്രം പലിശ ഈടാക്കുന്നതിന് പകരം സബ്സിഡി ഉൾപ്പെടെയുള്ള മുഴുവൻ ലോൺ തുകയ്ക്കും പലിശയും മുതലും നിശ്ചയിച്ചാണ് ബാങ്ക് ഇ.എം.ഐ നിശ്ചയിച്ചിരിക്കുന്നത്. ഇതുവഴി സബ്സിഡി തുകയായി ബ്ലോക്ക്പഞ്ചായത്ത് ബാങ്കിന് കൈമാറിയ തുകയ്ക്കും ഗുണഭോക്താവ് പലിശ നൽകേണ്ടി വരുന്നു. അപാകത പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല.
2. പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ബാങ്ക് അധികൃതരുടെ യോഗം വിളിക്കുകയോ പ്രൊജക്ട് സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ല.
3. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയാണ് പ്രൊജക്ടിൽ അടങ്കൽ നിശ്ചയിച്ചത്. ഇതുവഴി പദ്ധതിവിഹിതം ചെലവഴിക്കാൻ കഴിയാതെ പാഴായിപ്പോയി.

ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ പദ്ധതിപണം വിനിയോഗിക്കാൻ കഴിയാതിരിക്കുകയും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബസിഡി ലഭിക്കാതെ വരികയും ചെയ്തു. ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്,സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ടാണ്. സബ്സിഡി തുക വായ്പയിൽ നിന്ന് കുറവ് ചെയ്ത് ഇ.എം.ഐ പുനർനിശ്ചയിക്കാൻ ബാങ്ക് അധികൃതരോട് ആവശ്യപ്പെടേണ്ടതും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകി എന്ന് ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വട്ടച്ചോല മാവുള്ളചാൽ- ഒയ്യാല റോഡ്- പദ്ധതി നിർവ്വഹണത്തിലെ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ വട്ടച്ചോല മാവുള്ള ചാൽ- ഒയ്യാല റോഡ് പദ്ധതിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വർഷങ്ങൾക്ക് മുൻപ് സോളിംഗ് പൂർത്തീകരിച്ച 204 മീറ്ററിൽ ടാറിംഗ് പ്രവൃത്തിയും 72 മീറ്ററിൽ റീ ടാറിംഗ് പ്രവൃത്തിയുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ 2x102 മീറ്ററിൽ ഐറിഷ് ഡ്രെയിനും എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി റിവൈസ് ചെയ്ത് 162 മീറ്ററിൽ ടാറിംഗ് പ്രവൃത്തിയും 72 മീറ്ററിൽ റീ ടാറിംഗ് പ്രവൃത്തിയുമാണ് നിർവ്വഹിച്ചിട്ടുള്ളത്. ഐറിഷ് ഡ്രെയിനിന് പകരം Earthen Shoulder ആണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ആദ്യ എസ്റ്റിമേറ്റ് പ്രകാരം സോളിംഗ് ചെയ്ത ഭാഗത്ത് മാത്രമായിരുന്നു (204 മീറ്റർ) WMM ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ റീ ടാറിംഗ് ചെയ്യേണ്ട 72 മീറ്ററിലും Wmm ആവശ്യമായി വന്നതിനെതുടർന്ന് സോളിംഗ് ചെയ്ത 204 മീറ്ററിൽ 162 മീറ്ററിൽ മാത്രമെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ടാറിംഗ് നടത്തിയിട്ടുള്ളൂ. ബാക്കി 42 മീറ്റർ ഭാഗം ബ്ലോക്കിന്റേതല്ലാത്ത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചതായി സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മേൽ പ്രവൃത്തി നിർവ്വഹിച്ചത് ജില്ലാപഞ്ചായത്താണെന്നാണ് സൈറ്റ് പരിശോധനയിൽ പങ്കെടുത്ത ഓവർസിയർ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. സൈറ്റ് പരിശോധനയിൽ റോഡിന്റെ ഷോൾഡറുകൾ ഏകദേശം ഒരു അടിയിലധികം താഴ്ചയിലാണെന്നും ഇക്കാരണത്താൽ അരികിലൂടെ വാഹനങ്ങൾ കയറി ഇറങ്ങിയതിലൂടെ റോഡ് പൊട്ടിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. എം ബുക്ക് പ്രകാരം 2 X 234 മീറ്റർ Earthen Shoulder നിർമ്മിക്കുന്നതിനായി 12162 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ ഭൂരി ഭാഗവും ഒരടിയോളം താഴ്ചയിലാണ് ഷോൾഡർ ഉള്ളത്. റോഡിന്റെ വശങ്ങളിലൂടെ മഴവെള്ളം ശക്തമായി ഒഴുകുന്നതായും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചിപ്പിംഗ് കാർപറ്റ് ഇളകി ഒലിച്ചിറങ്ങിയ നിലയിലാണുള്ളത്. ഇതിൽ നിന്നും റോഡിന് Earthen Shoulder നേക്കാൾ അഭികാമ്യം ഐറിഷ് ഡ്രെയിനായിരുന്നു എന്നതും വ്യക്തമാണ്. ഒരു റോഡ് പ്രവൃത്തിക്ക് ആവശ്യമായ മുഴവൻ ഇനങ്ങളും ഉൾപ്പെടുത്തി പ്രവൃത്തി നടത്തേണ്ട മുഴവൻ ചെയിനേജിനും ബാധകമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം 500000 രൂപ മാത്രം വകയിരുത്തി ആയതിന് ആനുപാതികമായി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതാണ് മേൽ അപാകതകൾക്ക് കാരണമായിട്ടുള്ളത്. ഇത്തരത്തിൽ പ്രവൃത്തി പരിമിതപ്പെടുത്തി നിർവ്വഹിച്ചതിലൂടെ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടില്ല.
2. സൈറ്റ് പരിശോധനയിൽ ഏകദേശം 12 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള രണ്ട് ഡിപുകൾ പദ്ധതി പ്രകാരം ടാറിംഗ് പൂർത്തീകരിച്ച ചെയിനേജിൽ നിലവിലുണ്ടായിരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ ഡിപുകളുടെ വിസ്തീർണ്ണം ബിൽ തയ്യാറാക്കിയതിൽ നിന്നും കുറവ് ചെയ്തിട്ടില്ല. Wmm, Prime Coat , Tack Coat, Mss എന്നീ ഇനങ്ങളുടെ അളവുകളിൽ മേൽ പരാമർശിച്ച ഡിപിന്റെ വിസ്തീർണ്ണം ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും Wmm, Prime Coat , Tack Coat, Mss എന്നിവയുടെ അളവ് പുനപരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി -വിനിയോഗവിവരം ലഭ്യമല്ല.

പ്രോജക്ട് നം-35/2019-20

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-2018704/-(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് തുക-2018704/-(ബിൽ നം-01/2019-20 തിയ്യതി-27.07.2019 തുക-939500/-

ബിൽ നം-02/2019-20 തിയ്യതി-27.07.2019 തുക-929204/-

ബിൽ നം-03/2019-20 തിയ്യതി-18.09.2019 തുക-150000/-)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് പരമാവധി 4/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് ഉദ്ദേശിച്ചിരിക്കുന്നത്.ഇതിനായി ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ട്രഷറി ടി.എസ്.ബി എക്കൌണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക | തിയ്യതി |
|---|---|---|---|
| 1 | പുറമേരി | 700000/- | 27.07.2019 |
| 2 | ചെക്യാട് | 150000/- | 27.07.2019 |
| 3 | വളയം | 89500/- | 27.07.2019 |
| 4 | എടച്ചേരി | 424204/- | 27.07.2019 |
| 5 | വാണിമേൽ | 180000/- | 27.07.2019 |
| 6 | നാദാപുരം | 325000/- | 27.07.2019 |
| 7 | തൂണേരി | 150000/- | 18.09.2019 |
| ആകെ തുക | | 2018704/- | |

പട്ടികയിൽ കാണിച്ച പ്രകാരം 2018704/- രൂപ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ വിനിയോഗവിവരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റ് പരാമർശംഒഴിവാക്കേണ്ടതാണ്.

1-13 റിവോൾവിംഗ് ഫണ്ട്- മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പാക്കിയ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട്- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ എന്ന പദ്ധതി പ്രകാരം 500000 രൂപ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് ബ്ലോക്ക് പഞ്ചായത്ത് റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ( ബിൽ നം. 14/2019-20, തി. 14.01.2020 ).

സ.ഉ (കൈ) നം.22/2018 തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംരംഭകത്വ പ്രൊത്സാഹനത്തിനായി റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. ഈ തുക ധനസഹായം ലഭിച്ച് മൂന്നുമാസം കഴിഞ്ഞാൽ പ്രതിമാസ തവണകളായി തിരിച്ചടക്കേണ്ടതും ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേക ബേങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ്

സംബന്ധിച്ച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവ്വഹണ ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.02.2019 ലെ സ.ഉ(സാധാ). 432/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും ബ്ലോക്കിന് കീഴിലെ ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തും സംയുക്തമായി കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി പദ്ധതി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ജില്ലാപഞ്ചായത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം , തിരിച്ചടവ് എന്നിവ നിരീക്ഷിക്കപ്പെടുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-14 ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

14851/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്ട് നം. | 44/20 |
| അടങ്കൽ | 530924/- |
| ഫണ്ട് | വികസനം(ജനറൽ) |
| ചെലവ് | 4200/- |
| ബിൽനം.തി. | 22/20/31.3.20 |

ക്യാമ്പിൽ പങ്കെടുത്തവരുടെ എണ്ണവും മറ്റ് വിശദാംശങ്ങളും കാണിക്കുന്ന രജിസ്റ്റർ, ക്യാമ്പ് സംബന്ധിച്ച നോട്ടീസ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/19-20/24.3.22) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 4200/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-15 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിലേക്ക് രണ്ട് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണിന് തുക കൈമാറിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 121/20 |

| | |
|---|---|
| അടങ്കൽ | 95938/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 95789/- |
| ബിൽനം. തി. | 9207/30.01.20 |

ഓർഡർ പ്രകാരം ലഭിക്കേണ്ട പ്രിന്റർ ലഭിക്കാത്തതിനെ തുടർന്ന് 24.06.2020 ലെ സി-1236(121)/2020 നമ്പർ കത്ത് പ്രകാരം പ്രിന്ററിന്റെ വിലയായ 14851/- രൂപ തിരിച്ചടയ്ക്കണമെന്ന് കാണിച്ച് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക തിരിച്ച് ലഭിച്ചോ എന്ന് വ്യക്തമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/19-20/24.3.22) മറുപടി നൽകിയിട്ടില്ല. തുക കെൽട്രോണിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 21.03.2022-22.03.2022 | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 865000/- മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ഹരിത വയൽ ജലാശയ സംരക്ഷണം (പുറമേരി ഗ്രാമപഞ്ചായത്ത്) | ഓർഡർ നം-76/13.11.2019 | 865000/- | 865000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതി-വായ്പ | ജി.ഒ(എം.എസ്)നം-90/2013എൽ.എസ്.ജി.ഡി തീയ്യതി-14.10.2013 | | 991035/- | 312176/- | | 678859/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2002-03 | 11(2) 114 | ഉുണേരി മൃഗാശുപത്രി ക്വാർട്ടേഴ്സ് | 1)ഫൈനൽ ബിൽ ഓഡിറ്റിന് നൽകണം 2)പരിശോധിച്ച് നിയമസഭ സമിതിക്ക് റിപ്പോർട്ട് നൽകണം |
| 2001-02 | | 2003-04 | 4.13 150 | മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും പ്രവൃത്തി തുടങ്ങിയില്ല. | |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.5.348 | റോഡുകളുടെ ചുമതലാ വിഭജനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34, 43 | ടി.ടി.കുഞ്ഞിക്കണാരൻ, സെക്രട്ടറി(റിട്ട) | LF.16206/ Spl.Cell SC.5/03 Dt.24.07.04 | 11454 | 11454 DD No. 244647 Dt. 22.05.2018 SBI Kallachi | - | - | - | 11454 | 0 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39543320 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45716106 |
| വരവിനങ്ങളിലുള്ള നഷ്ടം | – |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | – |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4200 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4200 | വസന്ത പി.എം,സിഡിപിഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വസന്ത പി.എം, സിഡിപിഒ | വിരമിച്ചു | താഴെ കിഴക്കയിൽ, കീഴൂർ.പി.ഒ, പയ്യോളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി.8/860/2021(1) /18.12.2021 | 38,39,41 | 3 |
| 2001-02(ചെലവ്) | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(2)/18.12.2021 | 9 | 1 |
| 2001-02 -വരവ് | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(6) /25.05.2018 | 8(5),10 | 2 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-8 | 1 |
| 2006-07 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(3)/18.12.2021 | 3-8, 3-9, 3-12, 3-14, 3-15, 3-16 | 6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി.8/860/2021(4) /18.12.2021 | 3-9, 3-13(ബി) | 2 |
| 2010-11 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(06 /18.12.2021 | 3-5, | 1 |
| 2011-12 & 2012-13 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(7)/18.12.2021 | 3-1(4),3-1(5),3-2 | 3 |
| 2013-14 & 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(8)/18.12.2021 | 3-9 | 1 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(09) /18.12.2021 | 2-1,3-1,3-2,3-3,3-4 | 5 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(10) /18.12.2021 | 3-1, 3-3, 3-4,3-5, 3-9, 3-12, 3-13, 3-14 | 8 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(11)/18.12.2021 | 1-10,2-1,3-2,3-3,3-4,3-5 | 6 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി12/382/20/13.0.2020 | 1-4,1-5,1-6,1-7 മുതൽ 1-15 വരെ | 12 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്